ഉത്തരം

(എ) ഏറ്റെടുത്ത് കഴിഞ്ഞു.

(ബി) 2.3759 ഹെക്ടർ സ്ഥലം ഏറ്റെടുത്തു. സ്ഥലത്തിന് വിലയായി ഇതുവരെ 2,17,459.80 രൂപ ചെലവഴിച്ചു.

(സി) 227 പേർക്ക് തുക നൽകാനുണ്ട്. വില സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പണി ആരംഭിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊടുവള്ളി നിയോജകമണ്ഡലത്തിൽ എസ്. എസ്. എ. പദ്ധതി

139 [2353] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ എസ്. എസ്. എ. പദ്ധതിപ്രകാരം ഏത്ര സ്കൂളുകൾക്കാണ് കെട്ടിടങ്ങൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി ഫണ്ടനുവദിച്ചത്;

(ബി) ഏതെല്ലാം സ്കൂളുകൾക്ക്, ഓരോ സ്കൂളുകൾക്കും എന്ത് തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതൊക്കെ പ്രവർത്തികളാണ് പൂർത്തിയായത്;

(ഡി) പൂർത്തീകരിക്കാത്ത പ്രവർത്തികൾ ഏതെല്ലാം;

(ഇ) അവ എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 14 സ്കൂളുകൾക്ക്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി—ഇ) എല്ലാ പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്.

എസ്. സി. ഇ. ആർ. ടി.-യിൽ അക്കാദമിക് സ്റ്റാഫ് അംഗങ്ങളുടെ ഒഴിവുകൾ

140 [2355] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി.-യിൽ അക്കാദമിക് സ്റ്റാഫ് അംഗങ്ങളുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഓരോ വിഷയത്തിലുമുള്ള ഒഴിവുകൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകളിൽ നിയമനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആകെ 40 ഒഴിവുകളുണ്ട്.

(ബി)	ജോയിന്റ് ഡയറക്ടർ	.. 1
	അസോസിയേറ്റ് പ്രൊഫസർ	.. 1
	അസിസ്റ്റന്റ് പ്രൊഫസർ	.. 15
	മ്യൂസിയം കീപ്പർ	.. 5
	റിസർച്ച് ഓഫീസർ	.. 18
	ആകെ	40

(സി) എസ്. സി. ഇ. ആർ. ടി.-യെ സംബന്ധിക്കുന്ന റൂൾസ് ആൻഡ് റഗുലേഷൻസ് എസ്. സി. ഇ. ആർ. ടി.-യിലെ ഒരു സബ് കമ്മിറ്റി പഠിച്ചു റിപ്പോർട്ടുതരാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്പെഷ്യൽ റൂൾസ് അംഗീകരിച്ചതിന് ശേഷമേ നിയമനം നടത്താൻ കഴിയുകയുള്ളു.

സ്വാശ്രയ കോളേജുകൾക്ക് സർവ്വകലാശാലകളുടെ അഫിലിയേഷൻ

141 [2359] ശ്രീ. ജി. കാർത്തികേയൻ:
,, കെ. സുധാകരൻ:
,, ഇ. എം. അഗസ്തി:
,, എം. എം. ഹസ്സൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് എം. ബി. എ., എം. സി. എ. കോളേജുകൾക്ക് സംസ്ഥാനത്തുള്ള സർവ്വകലാശാലകളുടെ അഫിലിയേഷൻ ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കപ്പെടേണ്ടത്;

(ബി) ഈ ഓരോ വിഭാഗത്തിലുംപെട്ട സ്വാശ്രയകോളേജ് സജ്ജമാക്കുന്നതിന് എന്തു തുകയ്ക്കുള്ള ചെലവുവരും;

(സി) ഈ വിഭാഗത്തിൽപ്പെട്ട സ്വാശ്രയ കോളേജ് നടത്തിക്കൊണ്ടു പോകുന്നതിന് പ്രതിവർഷം ഉണ്ടാകുന്ന ചെലവ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഓരോ ഗണത്തിലുംപെട്ട സ്വാശ്രയകോളേജുകളിൽ അനുവദനീയമായത്ര വിദ്യാർത്ഥികളെ പഠിക്കുകയാണെങ്കിൽ അവരിൽ നിന്ന് ഫീസിനത്തിൽ ഒരു വർഷം എന്തു തുക ലഭിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഏജൻസി/ട്രസ്റ്റ് ബന്ധപ്പെട്ട സർവ്വകലാശാല അധികൃതർക്ക് കാലാകാലങ്ങളിൽ സർവ്വകലാശാല നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസിനോടൊപ്പം അപേക്ഷ നൽകേണ്ടതാണ്. കോളേജ് സ്ഥാപിക്കുന്ന പ്രദേശത്തിലെ വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങൾ നിറവേറുമെന്ന് സർവ്വകലാശാലാ സിൻഡിക്കേറിനെ കോളേജ് അധികൃതർ ബോധ്യപ്പെടുത്തേണ്ടതാണ്. കൂടാതെ അദ്ധ്യാപകരുടെ യോഗ്യത,

LIBRARY ARCHIVES Kerala Legislative Assembly